**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5997** **09-07-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ വികസന കോർപ്പറേഷൻ മുഖേന നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വികസന കോർപ്പറേഷൻ മുഖേന എന്തെല്ലാം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെന്നും എത്ര പേർക്ക് ഇതിന്റെ ഗുണങ്ങൾ ലഭിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ? | (എ) | സംസ്ഥാനത്തേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനായി സർക്കാർ കെ.എസ്.ഐ.ഡി.സി മുഖേന നടത്തിവരുന്ന പ്രധാന പരിപാടികളാണ് മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയും, ഇൻവെസ്റ്റർ പിച്ച് പരിപാടിയും. മീറ്റ് ദി ഇൻവെസ്റ്റർ പരിപാടിയുടെ ഭാഗമായി നാളിതുവരെ 40ൽ അധികം വ്യവസായികളുമായി യോഗങ്ങൾ നടത്തിയിട്ടുണ്ട്. കൂടാതെ വൺ റ്റു വൺ ഇൻവെസ്റ്റർ പിച്ച് പരിപാടിയുടെ ഭാഗമായി നാളിതുവരെ 60ൽ അധികം യോഗങ്ങളും നടത്തിയിട്ടുണ്ട്. മീറ്റ് ദി ഇൻവെസ്റ്റർ 12 പദ്ധതികളിലായി ഏകദേശം 2600 കോടി രൂപയുടെ പദ്ധതികൾ നിലവിൽ നടപ്പിലാക്കുകയോ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലോ ആണ്. ഇൻവെസ്റ്റർ പിച്ച് 6 പദ്ധതികളിലായി ഏകദേശം 890 കോടി രൂപയുടെ പദ്ധതികൾ നിലവിൽ നടപ്പിലാക്കുന്നതിന്റെ വിവിധ ഘട്ടങ്ങളിലാണ്. മേൽ പദ്ധതികൾ പൂർത്തിയാകുന്നതോടെ നൂറുകണക്കിന് പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. ഇത്തരത്തിലുള്ള പരിപാടികൾ സംഘടിപ്പിച്ചതിലൂടെ, സംസ്ഥാനത്ത് നിക്ഷേപത്തിനും സാമ്പത്തിക അഭിവൃദ്ധിയ്ക്കും അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.<br><br>വി മിഷൻ പദ്ധതി : സംസ്ഥാനത്തെ വനിതകൾക്കിടയിൽ സംരംഭകത്വം പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നിലവിലുള്ള ചെറുകിട, ഇടത്തരം സ്ത്രീ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിന് കെ.എസ്.ഐ.ഡി.സി വി-മിഷൻ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം അവരുടെ സംരംഭം വിപുലീകരിക്കുന്നതിനു നിബന്ധനകൾക്ക് വിധേയമായി പരമാവധി 50 ലക്ഷം രൂപ വരെ ഈടില്ലാതെ ലോൺ നൽകി വരുന്നു. നിലവിൽ 7.5% പലിശനിരക്കിൽ ആറ് വർഷത്തേയ്ക്കാണ് പ്രസ്തുത വായ്പ നൽകുന്നത്. |

| | | | |
|---|---|---|---|
| | | | സ്കെയിൽ അപ്പ് സപ്പോർട്ട്: കേരളത്തിലുടനീളമുള്ള സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി വിദ്യാർത്ഥികളടക്കമുള്ള യുവസംരംഭകരുടെ നൂതനവും വ്യാപാര യോഗ്യമായ സംരംഭങ്ങൾക്ക് മേൽപ്പറഞ്ഞവയ്ക്ക് പുറമെ തങ്ങളുടെ ഉൽപ്പന്നം / സേവനം വിജയകരമായി വികസിപ്പിക്കുകയും വാണിജ്യവത്ക്കരിക്കുകയും ചെയ്ത സ്റ്റാർട്ടപ്പുകൾക്ക് "സ്കെയിൽഅപ്പ് സപ്പോർട്ട്" എന്ന പദ്ധതിയും കെ.എസ്.ഐ.ഡി.സി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിപ്രകാരം 100 ലക്ഷം രൂപ വരെ നിലവിൽ 7.00% പലിശനിരക്കിൽ നാല് വർഷത്തേക്ക് ഈടില്ലാതെ വായ്പ നൽകി വരുന്നു.<br><br>സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീം : പുതിയ നിക്ഷേപം നടത്തുന്ന സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും, തദ്വാര കേരളത്തിനെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയ ഇൻഡസ്ട്രിയൽ പോളിസി 2023 പ്രഖ്യാപിക്കുകയുണ്ടായി. പുതിയ വ്യവസായ നയത്തിന്റെ ഭാഗമായിട്ടുള്ള സുസ്ഥിര വ്യവസായ ഇൻസെന്റീവ് സ്കീമിൽ 22 മുൻഗണനാ മേഖലകൾക്ക് 18 ഇൻസെന്റീവ് സബ്സിഡി പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്. പ്രസ്തുത പദ്ധതികൾക്കായി www.kriis.kerala.gov.in എന്ന ഓൺലൈൻ പോർട്ടൽ സജ്ജമാക്കി സബ്സിഡി നൽകിവരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി യുടെ സ്റ്റാർട്ടപ്പ്/സ്കെയിൽ അപ്പ് ലോണും വി-മിഷൻ (വനിതാ സംരംഭകർ) ലോണും മുഖാന്തിരം 58 യൂണിറ്റുകൾക്കായി 13.60 കോടി രൂപ വായ്പയായി നൽകുകയും തദ്വാര 964 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുവാനും കെ.എസ്.ഐ.ഡി.സി മുഖാന്തിരം കഴിഞ്ഞിട്ടുണ്ട്. കൂടാതെ കെ.എസ്.ഐ.ഡി.സി.യുടെ വിവിധ വായ്പാ പദ്ധതി പ്രകാരം 232 (വി മിഷൻ, സീഡ് ഫണ്ട് ഒഴികെ) വ്യവസായ സ്ഥാപനങ്ങൾക്കായി വായ്പാ സഹായം അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി-യുടെ വിവിധ വ്യവസായ പാർക്കുകളിൽ വ്യവസായം തുടങ്ങുന്നതിനായി നിരവധി സ്ഥാപനങ്ങൾക്ക് ഭൂമി അനുവദിച്ചു നല്കുകയും ചെയ്തിട്ടുണ്ട്. മുകളിൽ പറഞ്ഞിരിക്കുന്ന വായ്പാസഹായം ലഭ്യമാക്കിയ സംരംഭങ്ങളിലൂടെ ഏകദേശം 6900 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടുമെന്ന് കണക്കാക്കുന്നു. |

സെക്ഷൻ ഓഫീസർ